# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.2764** **07.12.2018-ൽ മറുപടിയ്ക്ക്**

## മാവേലിക്കര ഉമ്പർനാട് ഐ.ടി.ഐ

| ചോദ്യം: | | മറുപടി: | |
|---|---|---|---|
| ശ്രീ. ആർ. രാജേഷ് | | ശ്രീ. എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | മാവേലിക്കര ഉമ്പർനാട് പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള ഐ.ടി.ഐ. കെട്ടിടത്തിന്റെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | നിലവിലുണ്ടായിരുന്ന കെട്ടിടം പ്രളയ കാലത്ത് തകർന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; പുതിയ കെട്ടിടം അനുവദിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; | (ബി) | ഒരു കെട്ടിടത്തിന്റെ മേൽക്കൂര തകർന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br><br>മാവേലിക്കര ഐ. ടി. ഐ. യിൽ കാലപ്പഴക്കത്താൽ ശോചനാവസ്ഥയിൽ ഉണ്ടായിരുന്ന അഞ്ച് കെട്ടിടങ്ങൾ ലേലം ചെയ്ത് ഒഴിവാക്കുന്നതിന് പൊതുമരാമത്ത് വകുപ്പിന് അനുമതി നൽകിയിട്ടുണ്ട്. പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് പ്രാരംഭ നടപടികൾ (മണ്ണ് പരിശോധന, സർവ്വെ) പൂർത്തിയാക്കി, പ്ലാനും എസ്റ്റിമേറ്റും പൊതുമരാമത്ത് വകുപ്പ് കെട്ടിടവിഭാഗം, മാവേലിക്കര അസിസ്റ്റന്റ് എഞ്ചിനീയർ തയ്യാറാക്കി പി.ഡബ്ല്യൂ.ഡി. ചീഫ് എഞ്ചിനീയർക്ക് സമർപ്പിച്ചിട്ടുണ്ട്. |
| (സി) | ഐ.ടി.ഐ.യിൽ കൂടുതൽ ട്രേഡുകൾ അനുവദിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ? | (സി) | മാവേലിക്കര ഐ.റ്റി.ഐ.യിൽ നിലവിൽ കാർപെന്റർ, ഇലക്ട്രോണിക് മെക്കാനിക്ക് എന്നീ ട്രേഡുകളാണുള്ളത്. കാർപെന്റർ ട്രേഡിന്റെ ഒരു യൂണിറ്റ് കൂടി ആരംഭിക്കുന്ന വിഷയം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. |

**സെക്ഷൻ ഓഫീസർ**